MR. PRESIDENT: The question time being over, we will proceed to the next item.

ADJOURNMENT MOTIONS.

An adjournment motion has been put into my hands. Mr. Udayabhanu who has moved it says —

"I move for adjourning the business of the House for the purpose of discussing a definite matter of urgent public importance namely, the situation created in the State by not importing into the State yarn quota allotted in January 1949, by the Textile Commissioner of India and allowing it to lapse."

MR. MANNATHU PADMANABHA PILLAI: സർ, ഒരു പോയിന്റ് ആഫ് ആർഡർ. ഈ സഭയുടെ നടപടികൾ മാതൃഭാഷയിൽ നടത്തുമെന്നുള്ള വ്യവസ്ഥയിലാണ് ആരംഭിച്ചതും ക്രമേണ നടത്തിവരുന്നതും. ബഹുമാനപ്പെട്ട മി. എ. ജെ. ജാൻ പ്രസിഡണ്ടായിരുന്നകാലത്തു് ആ സംഗതി കുഴിയുന്നത്ര ഭംഗിയായി നിർവ്വഹിച്ചുപോന്നിരുന്നു. ആ കാര്യത്തിൽ അദ്ദേഹത്തെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു. ഇപ്പോഴത്തെ നടപടി കാണുമ്പോൾ മാതൃഭാഷയെ ക്രമേണ ക്രമേണ ഈ സഭയിൽനിന്നും പുറംതള്ളാൻ പോകുകയാണെന്നു തോന്നിപ്പോകുന്നു. ഇംഗ്ലീഷ് ഭാഷ അറിയാൻ പാടില്ലാത്ത ആളുകൾക്കുടി ഇപ്പോൾ ഇംഗ്ലീഷുഭാഷയിൽ സംസാരിച്ചുതുടങ്ങിയിരിക്കുന്നു. കടിച്ചും മുറിച്ചും ഇംഗ്ലീഷിൽ ചിലർ, ഇംഗ്ലീഷ് ഭാഷയെ നിരന്തരമായി ഇങ്ങനെ അപമാനിക്കുന്നതു കേട്ടുകൊണ്ടിരിക്കാൻപോലും അസഹ്യതതോന്നുന്നു. മാതൃഭാഷയിൽതന്നെ എല്ലാവരും സംസാരിക്കണമെന്നും എന്നാൽ നിവൃത്തിയില്ലാത്ത ഘട്ടത്തിൽ മാത്രം ഇംഗ്ലീഷിൽ സംസാരിച്ചാൽ മതിയാകുമെന്നുമുള്ള ധാരണയിന്മേലാണ് ഇംഗ്ലീഷിൽക്കുടി സഭാനടപടികൾ നടത്താമെന്നു അനുവദിച്ചിട്ടുള്ളതു. എന്നാൽ ഇപ്പോൾ സകലതും ഇംഗ്ലീഷിലായി എന്നു വന്നിരിക്കുകയാണു്. ബഹുമാനപ്പെട്ട മന്ത്രിമാർ ഈ വിഷയത്തിൽ കുറച്ചൊരു വ്യത്യസ്തതയോടെ പെരുമാറിവരുന്നുണ്ടെന്നു പറയാൻ എനിക്കു സന്തോഷമുണ്ടു്. അതിൽ എനിക്കു അവരെ അഭിനന്ദിക്കാതിരിക്കാൻ നിവൃത്തിയില്ല. എന്നാൽ അവരതന്നെ, ചോദ്യം ഇംഗ്ലീഷിലാണെങ്കിൽ ഉത്തരവും ഇംഗ്ലീഷിൽ പറയും; പ്രസംഗം ഇംഗ്ലീഷിലാണെങ്കിൽ മറുപടിയും ഇംഗ്ലീഷിൽ; അങ്ങനെയുള്ള ഒരു മട്ടെടുക്കുന്നതായിട്ടാണു കാണുന്നതു്.

അതുകൊണ്ടു ബഹുമാനപ്പെട്ട പ്രസിഡൻറവർകൾ നിവൃത്തിയുള്ളിടത്തോളം മാതൃഭാഷയിൽതന്നെ ഇവിടത്തെ നടപടികൾ നടത്തിക്കൊണ്ടുപോകാൻ ശ്രദ്ധിക്കണമെന്നും അതിനു മാതൃകയായി കാണിക്കുവാൻ ഭയവുണ്ടാകണമെന്നും ഞാൻ അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT : കഴിയുന്നതും അക്കാര്യത്തിൽ ശ്രദ്ധിക്കാം. ബഹു മാനപ്പെട്ട മെംബറന്മാർ എല്ലാവരും അങ്ങനെ ചെയ്യണമെന്ന അഭ്യ ർത്ഥിക്കുകയും ചെയ്യുന്നു.

HON'BLE MR. E. K. MADHAVAN: സർ, ജാനുവരി കോട്ടാ എടുക്കാൻ സാദ്ധ്യമല്ലെന്നുള്ള നിലയിൽ കോവാപ്പറേറീവുസൊസൈറ്റി ഒരു അഭ്യർത്ഥന നടത്തി. അവർ ഇതുസംബന്ധിച്ചു ഒരു മെമ്മോറിയൽ ഗവ ണ്മെൻറിലേക്കു തരികയുംചെയ്തു. എന്നാൽ തറികളുടെ സെൻസസ് പൂർണ്ണമായി എടുക്കുന്നതുവരെ തിരുവിതാംകൂറിൽ നൂലെ എത്ര നൂൽ വേണ്ടിവരുമെന്നു പറയാൻ സാധ്യമല്ലാത്ത നിലയ്ക്കു ജാനുവരികോട്ടാ വേണമോ വേണ്ടയോ എന്നു നിശ്ചയിക്കുവാൻ നിവർത്തിയില്ലെന്നു ഗവ ണ്മെൻറു അവരെ അറിയിക്കുകയുംചെയ്തു. പിന്നീടു ജാനുവരികോട്ടാ എടുക്കേണ്ടതില്ലെന്നു അവർ തീരുമാനിക്കുകയാണു ചെയ്തതു്. ഏതാ യാലും ജാനുവരികോട്ടാ എടുക്കേണ്ടാ എന്നു തിരുവിതാംകൂർ ഗവ ണ്മെൻറു തീരുമാനിച്ചിട്ടില്ലാത്ത സ്ഥിതിക്കു് ഇങ്ങനെ ഒരു അടിയന്തിര പ്രമേയം അവതരിപ്പിക്കേണ്ട ആവശ്യം ഇല്ലെന്നാണു എനിക്കു തോന്നുന്നതു്.

MR. P. S NATARAJA PILLAI: Was the quota allotted for the months of November and December ever surrendered?

HON'BLE MR. E. K. MADHAVAN: ഇതുവരെ സറണ്ടർ ചെയ്തിട്ടില്ല.

MR. P. S. NATARAJA PILLAI: May I know whether all the quota belonging to Travancore for these months been imported into Travancore?

HON'BLE MR. E. K. MADHAVAN. ഇംപോർട്ടുചെയ്തു കഴിഞ്ഞിട്ടില്ല.

MR. P. S. NATARAJA PILLAI: May I know whether any wholesale importers intimated Government that they are not in a position to import the whole quota allotted to them?

HON'BLE MR. E. K. MADHAVAN: ഇംപോർട്ടുചെയ്യുന്നതിനു സാധ്യ മല്ലെന്നു ഏതോ ഒരു വ്യാപാരി പറഞ്ഞിട്ടുണ്ടു്. അങ്ങനെ ഇംപോർട്ട ചെയ്യുന്നതിനു അവർക്കു സാധ്യമല്ലാതെവന്നാൽ അവരുടെ ലൈസൻസു റദ്ദുചെയ്യുമെന്നും പകരം മറു ഏതെങ്കിലും വ്യാപാരിക്കു ലൈസൻസു കൊടുക്കുന്നതാണെന്നും ഗവണ്മെൻറു ആ വ്യാപാരിയെ അറിയിച്ചി ട്ടുമുണ്ടു്.

MR. P. S. NATARAJA PILLAI: Has any step been taken by the Department to see that all the sanctioned quota is imported into Travancore?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. E. K. MADHAVAN: ഇതിനെ സംബന്ധിച്ച അനേഷിച്ച പറയാം. ഈ അടിയന്തിരപ്രമേയം ജാനുവരി കോട്ടയെസംബന്ധിച്ചുള്ളതാണ്. അതുകൊണ്ട ഞാൻ ഈ ചോദ്യത്തിനു ഉത്തരം പറയണമെന്നില്ല.

MR. P. S. NATARAJA PILLAI: Sir, the adjournment motion refers to the quota and my questions are based on the motion.

MR. A. P. UDAYABHANU: Am I to take it that the January quota has lapsed?

HON'BLE MR. E. K. MADHAVAN: അതു ലാപ്സുചെയ്തിട്ടില്ല. എടുക്കുവാൻ ഏർപ്പാടുചെയ്തിട്ടുണ്ട. എടുക്കരുതെന്നു ഗവണ്മെൻറു അതിരോടും പറഞ്ഞിട്ടില്ല.

MR. A. P. UDAYABHANU; In view of the statement by the Hon'ble Minister I beg permission to withdraw the motion.

The motion was, by leave, withdrawn.

ANNOUNCEMENT *re* THE MEMBERS ELECTED TO THE TRANSPORT, CENTRAL WORKS AND DELIMITATION COMMITTEES.

MR. PRESIDENT: ഇനി എനിക്കു ഒരു പ്രസ്താവന ചെയ്യുവാനുണ്ട്. മൂന്നു കമ്മിറ്റികൾക്കുള്ള തിരഞ്ഞെടുപ്പു ഇന്നു നടക്കുമെന്നാണല്ലൊ പ്രസ്താവിച്ചിട്ടുള്ളതു്. ഇപ്പോൾ കിട്ടിയ നാമനിർദ്ദേശങ്ങൾ പരിശോധിച്ചതിൽ അവയെല്ലാം സാധുവാണെന്നും, ഓരോ കമ്മിറ്റിക്കും കിട്ടിയ നാമനിർദ്ദേശങ്ങളുടെ സംഖ്യയും തിരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ സംഖ്യയും തുല്യമാണെന്നും കണ്ടിരിക്കുന്നു. അതുകൊണ്ടു നാമനിർദ്ദേശം ചെയ്യപ്പെട്ട താഴെ പറയുന്ന അംഗങ്ങളെ അതാതു കമ്മിറ്റികളിലേക്കു തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതായി പ്രഖ്യാപനം ചെയ്യുന്നു.

TRANSPORT COMMITTEE.

1. Sri S. Sadasivan
2. K. P. Nilakanta Pillai
3. Sri K. A. Mathew
4. Sri K. Sarangadharan
5. Sri T. V. Devan
6. Sri P. T. Chacko

CENTRAL WORKS COMMITTEE.

1. Sri A. Chidambaranatha Nadar
2. Sri Abdul Aziz
3. Sri Pandavath Sankara Pillai
4. Sri Cheriyan Kappen
5. Sri P. Gopalan

LIBRARY ARCHIVES Kerala Legislative Assembly